# തൗഹീദ് പ്രമാണങ്ങളിലൂടെ - 1

[ Malayalam - മലയാളം - مليالم ]

# ﴿نشرة من أدلّة التوحيد 1﴾


ശൈഖ് സ്വലാഹ് അൽ ബുദൈർ

الشيخ/ صلاح بن محمّد البدير حفظه الله تعالى


1.തൗഹീദുകൊണ്ടാണ് പ്രവാചകരുടെ നിയോഗം
2.തൗഹീദ് ശുദ്ധപ്രകൃതിയുടെ ആദർശം
3.ആരാധനക്കർഹൻ സ്യഷ്ടാവുമാത്രം, സൃഷ്ടിയല്ല

باب بعث الرسول بالتوحيد ، باب التوحيد من دين الفطرة

باب الخالق هو المستحقّ للعبادة دون المخلوق


الإعداد والترجمة / القسم المليباري بالمكتب التعاوني للدعوة والإرشاد وتوعية الجاليات بالدمام (جاليات السوق)

islamhouse.com

1431 – 2010

# 1.തൗഹീദുകൊണ്ടാണ് പ്രവാചകരുടെ നിയോഗം

## باب بعث الرسول بالتوحيد

بسم الله الرحمن الرحيم

1: മഹ്മൂദ് ഇബ്നു ലബീദ്(ﷺ)വിൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു; റസൂലുല്ലാഹി (ﷺ) പറഞ്ഞിരിക്കുന്നു: ‘‘ഞാൻ അല്ലാഹുവിന്റെ റസൂലാണ്, അവൻ എന്നെ അടിയാറുകളിലേക്ക് നിയോഗിച്ചു, അവർ അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർക്കാതെ അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്നതിലേക്ക് ഞാൻ അവരെ ക്ഷണിക്കുന്നു.’’ (അഹ്മദ്)

2: ഹകീം ഇബ്നു മുആവിയ(ﷺ) അദ്ദേഹത്തിന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു: ഞാൻ അല്ലാഹുവിന്റെ റസൂൽ(ﷺ)യുടെ അടുത്തേക്ക് ചെന്നു. ഞാൻ പറഞ്ഞു; താങ്കളുടെ അടുത്തേക്ക് ഞാൻ വരുകയില്ലെന്ന് എന്റെ ഈ വിരലുകളുടെ എണ്ണത്തോളം സത്യം ചെയ്തതിന് ശേഷമല്ലാതെ ഞാൻ താങ്കളുടെ അടുക്കൽ വന്നിട്ടില്ല. അതിനാൽ താങ്കളെ ഹഖുമായി പറഞ്ഞയച്ചവനാണ് സത്യം. അവൻ (അല്ലാഹു) താങ്കളെ എന്തുമായാണ് നിയോഗിച്ചയച്ചത്? നബി(ﷺ) പറഞ്ഞു; ‘ഇസ്‌ലാമുമായി.’ (അയാൾ) ചോദിച്ചു, എന്താണ് ഇസ്‌ലാം? നബി (ﷺ) പറഞ്ഞു; ‘‘നിന്റെ ഹൃദയത്തെ അല്ലാഹുവിലേക്ക് സമർപ്പിക്കലും, അല്ലാഹുവിലേക്ക് നിന്റെ മുഖത്തെ തിരിക്കലും, നിർബന്ധ നമസ്കാരങ്ങൾ നീ നമസ്കരിക്കലും, നിർബന്ധമായ സകാത്ത് നീ കൊടുത്തുവീട്ടലുമാണത് (ഇസ്‌ലാം).’’ (അഹ്മദ്)

3: ആഇശാ رضي الله عنها യിൽ നിന്നും നിവേദനം; തീർച്ചയായും അല്ലാഹുവിന്റെ റസൂൽ(ﷺ) പറഞ്ഞിരിക്കുന്നു. ‘‘സരളമായ

ഋജുവായ (ഇസ്‌ലാം) കൊണ്ട് ഞാൻ അയക്കപ്പെട്ടിരിക്കുന്നു.'' (അഹ്മദ് )

4: അബൂഹുറെയ്റ(ﷺ)വിൽ നിന്നും നിവേദനം; അദ്ദേഹം പറഞ്ഞു; അല്ലാഹുവിന്റെ റസൂൽ(ﷺ) പറയുന്നതായി ഞാൻ കേട്ടു: ''ഈസ ഇബ്നു മർയം(ﷺ)യെക്കൊണ്ട് ജനങ്ങളിൽ ദുനിയാവിലും ആഖിറത്തിലും ഏറ്റവും അടുത്തവൻ ഞാനാണ്. അവർ (സ്വഹാബികൾ) ചോദിച്ചു; അല്ലാഹുവിന്റെ റസൂലേ, അത് എങ്ങനെയാണ്? അദ്ദേഹം പറഞ്ഞു: എല്ലാ നബിമാരും ഒരു പിതാവിൽ നിന്നുള്ള സഹോദരങ്ങളാണ്. അവരുടെ ഉമ്മമാർ വ്യത്യസ്തരുമാണ്, അവരുടെ ആദർശം ഒന്നാണ്, ഞങ്ങൾ രണ്ടുപേർക്കിടയിൽ ഒരു നബിയും ഇല്ല.'' (ബുഖാരി, മുസ്‌ലിം)

5: അബ്ദുല്ലാഹ് ഇബ്നു അംറ് ഇബ്നു അൽആസ്വ്(ﷺ)വിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു; തീർച്ചയായും ഖുർആനിലെ ഈ ആയത്തിൽ (നബിയെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാകുന്നു). ''നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു.'' അദ്ദേഹം പറഞ്ഞു: ''തൗറാത്തിൽ (നബിയെ വിശേഷിപ്പിച്ചത്): നബിയേ, തീർച്ചയായും നാം നിന്നെ സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പുകാരനും നിരക്ഷരർക്ക് സംരക്ഷകനും ആയിക്കൊണ്ട് അയച്ചിരിക്കുന്നു, നീ എന്റെ ദാസനും ദൂതനും ആകുന്നു. നാം നിനക്ക് 'അൽമുതവക്കിൽ' എന്ന് നാമകരണം ചെയ്തിരിക്കുന്നു. അദ്ദേഹം (നബി(ﷺ) കഠിനഹൃദയനോ പരുഷസ്വഭാവിയോ അങ്ങാടികളിൽ ബഹളമുണ്ടാക്കുന്നവനോ അല്ല. അദ്ദേഹം തിന്മയെ തിന്മകൊണ്ട് പ്രതിരോധിക്കുകയില്ല. എന്നാൽ പൊറുക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യും. വളഞ്ഞമാർഗ്ഗം (കുഫ്റിന്റെ മാർഗ്ഗം) അദ്ദേഹത്തെക്കൊണ്ട് നേരെയാക്കും വരെ അല്ലാഹു അദ്ദേഹത്തെ പിടികൂടുക(മരിപ്പിക്കുക)യില്ല. ജനങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' പറയൽ കൊണ്ടാണ് (വളഞ്ഞ മാർഗ്ഗം നേരെയാക്കൽ). അതിലൂടെ (കലിമത്തുത്തൗഹീദിലൂടെ) അദ്ദേഹം (സത്യത്തിനുമുമ്പിൽ) അന്ധമായ കണ്ണുകളേയും ബധിരമായ ചെവികളേയും അടഞ്ഞ ഹൃദയങ്ങളേയും തുറക്കും (ബുഖാരി)

6: ജുബൈർ ഇബ്നു മുത്ഇം(ﷺ)വിൽ നിന്നും നിവേദനം: നബി (ﷺ)പറഞ്ഞു; "തീർച്ചയായും എനിക്ക് (ഒന്നിലധികം) നാമങ്ങളുണ്ട്, ഞാൻ മുഹമ്മദ് ആണ്, ഞാൻ അഹമദും ആണ്, അല്ലാഹു എന്നെക്കൊണ്ട് കുഫ്റിനെ മായിക്കും; അങ്ങനെയുള്ള 'അൽമാഹി'യുമാണ് ഞാൻ, എന്റെ പിന്നിൽ എനിക്കുശേഷം ജനങ്ങൾ ഒരുമിച്ച് കൂട്ടപ്പെടും; അങ്ങനെയുള്ള 'അൽഹാശിർ' ആകുന്നു ഞാൻ. തനിക്ക് ശേഷം ഒരാളും (നബിയായി)ഇല്ലാത്ത 'അൽആഖിബാ'ണ് ഞാൻ." (ബുഖാരി, മുസ്‌ലിം)

وصلى الله عليه وسلم على نبينا محمد وعلى آله وصحبه وسلم.

# 2.തൗഹീദ്
# ശുദ്ധപ്രകൃതിയുടെ ആദർശം

## باب التوحيد من دين الفطرة

بسم الله الرحمن الرحيم

1: അബൂഹുറെയ്റ(ﷺ)വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: നബി (ﷺ) പറഞ്ഞിരിക്കുന്നു: "എല്ലാ കുട്ടികളും ഫിത്വ്റത്തി(ഇസ്‌ലാമിൽ)ലാണ് ജനിക്കുന്നത്. അതിൽപ്പിന്നെ അവന്റെ മാതാപിതാക്കൾ അവനെ ജൂതനാക്കുന്നു, അല്ലെങ്കിൽ അവർ അവനെ കൃസ്ത്യാനിയാക്കുന്നു, അല്ലെങ്കിൽ അവർ അവനെ അഗ്നിയാരാധകനാക്കുന്നു. ഒരു മൃഗത്തിന്റെ ഉപമപോലെ; അത് മറ്റൊരു മൃഗത്തെ ഉൽപാതിപ്പിക്കുന്നു. അവക്ക് വല്ല അംഗവൈകല്യവും (ചെവി മുറിഞ്ഞത്) ഉള്ളതായി നിങ്ങൾ കാണുന്നുണ്ടോ?" അബൂഹുറെയ്റ(ﷺ) പറയുന്നു: "നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങൾ പാരായണം ചെയ്യുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടിവ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല." (ബുഖാരി: 385, മുസ്‌ലിം: 2658) മുസ്‌ലിമിന്റെ റിപ്പോർട്ടി

ൽ: "അതിൽപ്പിന്നെ അവന്റെ മാതാപിതാക്കൾ അവനെ ജൂതനോ കൃസ്ത്യാനിയോ അല്ലാഹുവിൽ പങ്കുചേർക്കുന്നവനോ ആക്കുന്നു." അദ്ദേഹത്തിന്റെ മറ്റൊരു റിപ്പോർട്ടിൽ "ഈ (ഇസ്ലാമിക) മില്ലത്തിലല്ലാതെ (ഒരു കുഞ്ഞും ജനിക്കുന്നില്ല)" എന്ന് കൂടിയുണ്ട്.

2: ഇയാദ് ഇബ്നു ഹിമാറുൽ മുജാശിഇ(ﷺ)വിൽ നിന്നും നിവേദനം: തീർച്ചയായും അല്ലാഹുവിന്റെ റസൂൽ (ﷺ) ഒരു ദിവസം അദ്ദേഹത്തിന്റെ ഖുത്വുബയിൽ പറഞ്ഞു: "അറിയുക, ഈ ദിനം എന്റെ റബ്ബ് എന്നെ പഠിപ്പിച്ചതിൽ നിന്ന് നിങ്ങൾക്ക് അജ്ഞമായത് നിങ്ങളെ പഠിപ്പിക്കാൻ എന്നെ കൽപ്പിച്ചിരിക്കുന്നു. (അല്ലാഹു പറയുന്നു) ഞാൻ എന്റെ അടിമക്ക് നൽകിയ എല്ലാ സമ്പത്തും ഹലാലാകുന്നു. തീർച്ചയായും എന്റെ അടിമകളെ മുഴുവൻ ഞാൻ മുസ്ലിമീങ്ങളായി(ഋജുമാർഗ്ഗികളായി)ട്ടാണ് സൃഷ്ടിച്ചത്. പിന്നെ പിശാചുക്കൾ അവരിലേക്ക് വന്ന് അവരെ ദീനിൽ നിന്ന് തെറ്റിച്ച് അവരെ ചതിയിൽ കൊണ്ടുപോയി, ഞാൻ അവർക്ക് ഹലാലാക്കിയതിനെ അവർ (പിശാചുക്കൾ) അവരുടെമേൽ ഹറാമാക്കി, ഞാൻ ഒരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്തതിൽ എന്നിൽ പങ്ക് ചേർക്കാനും അവർ (പിശാചുക്കൾ) അവരോട് കൽപ്പിച്ചു, തീർച്ചയായും അല്ലാഹു (നബി (ﷺ) യെ നിയോഗിക്കുന്നതിന് മുമ്പ്) ഭൂവാസികളിലേക്ക് നോക്കി, അങ്ങിനെ അവരിലെ വേദക്കാരിൽനിന്ന് സത്യത്തിൽ അവശേഷിച്ചവരൊഴികെയുള്ള അറബികളോടും അനറബികളോടും ദേഷ്യപ്പെടുകയും ചെയ്തു." (മുസ്ലിം)

3: അബ്ദുല്ലാ ഇബ്നു അബ്ദുറഹ്മാൻ ഇബ്നു അബ്സാ തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു: തീർച്ചയായും അല്ലാഹുവിന്റെ റസൂൽ (ﷺ) നേരം പുലർന്നാലും വൈകുന്നേരമായാലും ഇങ്ങനെ പറയുമായിരുന്നു. "ഇസ്ലാമിന്റെ ഫിത്വ്റത്തിലും, ഇഖ്ലാസിന്റെ കലിമത്തിലും, ഞങ്ങളുടെ പ്രവാചകനായ മുഹമ്മദ് (ﷺ)യുടെ ദീനിലും, ഋജുമനസ്കനും മുസ്ലിമും മുശ്രിക്കുകളിൽ പെടാത്തവനുമായ ഞങ്ങളുടെ പിതാവായ ഇബ്റാഹീം (عليه السلام)യുടെ മില്ലത്തിലും ആയിക്കൊണ്ട് ഞങ്ങൾ പ്രഭാതത്തിൽ പ്രവേശിച്ചിരിക്കുന്നു." (അഹ്മദ്: 15360 , നിസാഇൗ: 9831 )

4: അൽബറാഅ് ഇബ്നു ആസിബ്(ﷺ)വിൽനിന്നും നിവേദനം: തീർച്ചയായും അല്ലാഹുവിന്റെ റസൂൽ (ﷺ) അൻസാരികളിൽ നിന്നുള്ള ഒരു വ്യക്തിയോട് തന്റെ കിടപ്പറ പ്രാപിച്ചാൽ പറയാൻ കൽപ്പിച്ചു. ‘‘അല്ലാഹുവേ എന്നെ ഞാൻ നിന്നിലേക്ക് ഏൽപ്പിച്ചിരിക്കുന്നു, എന്റെ മുഖം നിന്നിലേക്ക് തിരിക്കുകയും, എന്റെ കാര്യങ്ങൾ നിന്നിലർപ്പിക്കുകയും, എന്റെ മുതുകിനെ ഞാൻ നിന്നിലേക്ക് ചേർക്കുകയും ചെയ്തിരിക്കുന്നു. നിന്റെ പ്രതിഫലത്തെ ആഗ്രഹിച്ചുകൊണ്ടും നിന്റെ ശിക്ഷയെ ഭയന്നുകൊണ്ടുമാണത്. നിന്നിൽ നിന്ന് നിന്നിലേക്കല്ലാതെ രക്ഷയോ അഭയസ്ഥാനമോ ഇല്ല. നീ അവതരിപ്പിച്ച വേദത്തിലും നീ അയച്ച നിന്റെ പ്രവാചകനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. അയാൾ (ഇത് ചൊല്ലിക്കിടക്കുന്നവൻ) മരണപ്പെടുകയാണങ്കിൽ ഫിത്വ്റത്തിലാണ് (ഇസ്ലാമിലാണ്).’’ (ബുഖാരി, മുസ്ലിം)

5: അനസ് ഇബ്നു മാലിക് (ﷺ)വിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു: ‘‘അല്ലാഹുവിന്റെ റസൂൽ (ﷺ) (യുദ്ധവേളകളിൽ) പ്രഭാതമായാൽ ശത്രുവിനെതിരെ യുദ്ധം ചെയ്യും. അദ്ദേഹം ബാങ്കിന് ചെവികൊടുക്കും, ബാങ്ക് കേട്ടാൽ യുദ്ധം നിർത്തുകയും കേട്ടില്ലെങ്കിൽ യുദ്ധം തുടരുകയും ചെയ്യുമായിരുന്നു. ഒരാൾ ‘അല്ലാഹു അക്ബർ അല്ലാഹു അക്ബർ’ എന്ന് പറയുന്നത് അദ്ദേഹം കേട്ടു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ (ﷺ) പറഞ്ഞു: അയാൾ ഫിത്വ്റത്തിലാണ്. അയാൾ വീണ്ടും ‘അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ് അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന് പറഞ്ഞു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ (ﷺ) പറഞ്ഞു: ‘നീ നരകത്തിൽനിന്നും പുറത്തുകടന്നു.’ അപ്പോൾ അവരെല്ലാവരും (സ്വഹാബികൾ) തിരഞ്ഞുനോക്കി, കോലാടുകളെ മേയ്ക്കുന്ന ഇടയനായിരുന്നു അയാൾ.’’ (മുസ്ലിം: 382)

وصلى الله على نبينا محمد وآله وصحبه وسلم

************

# 3.ആരാധനക്കർഹൻ സൃഷ്ടാവുമാത്രം, സൃഷ്ടിയല്ല

## باب الخالق هو المستحقّ للعبادة دون المخلوق

بسم الله الرحمن الرحيم

1: അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്(ﷺ)വിൽ നിന്നും നിവേദനം: അദ്ദേഹം ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ, ഏത് പാപമാണ് ഏറ്റവും ഗൗരവമേറിയത്? അദ്ദേഹം പറഞ്ഞു; നീ അല്ലാഹുവിന് – അവൻ നിന്നെ സൃഷ്ടിച്ചിരിക്കെ തുല്ല്യനെ ഉണ്ടാക്കലാണ്. ഞാൻ ചോദിച്ചു: പിന്നെ ഏതാണ്? അദ്ദേഹം പറഞ്ഞു: നിന്റെ കൂടെ തിന്നുമെന്ന് ഭയന്ന് നീ നിന്റെ സന്താനത്തെ വധിക്കലാണ്, ഞാൻ ചോദിച്ചു: പിന്നെ ഏതാണ്? അദ്ദേഹം പറഞ്ഞു: നിന്റെ അയൽവാസിയുടെ ഭാര്യയെ നീ വ്യഭിചരിക്കലാണ്.'' (ബുഖാരി, മുസ്ലിം)

2: അലിയ്യ് ഇബ്നു അബീത്വാലിബ് (ﷺ) അല്ലാഹുവിന്റെ റസൂലി (ﷺ)ൽനിന്ന് ഉദ്ധരിക്കുന്നു: അദ്ദേഹം സുജൂദ് ചെയ്താൽ ഇപ്രകാരം പറയുമായിരുന്നു: 'അല്ലാഹുവേ നിനക്ക് ഞാൻ സുജൂദ് ചെയ്തു, നിന്നിൽ ഞാൻ വിശ്വസിച്ചു, നിനക്ക് ഞാൻ സമർപ്പിച്ചു, എന്റെ മുഖം; അതിനെ സൃഷ്ടിക്കുകയും, അതിന് രൂപം നൽകി രൂപം നന്നാക്കുകയും, അതിന്റെ കണ്ണും കാതും കീറുകയും ചെയ്തവന്ന് സുജൂദ് ചെയ്തിരിക്കുന്നു. ഏറ്റവും നല്ല സൃഷ്ടാവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു.'' (മുസ്ലിം)

3: അൽഹാരിസ് അൽഅശ്അരീ (ﷺ) നബി(ﷺ)യിൽ നിന്ന് ഉദ്ധരിക്കുന്നു: തീർച്ചയായും സകരിയ്യാ(عليه السلام)യുടെ മകൻ യഹ്യാ(عليه السلام) തന്റെ ജനതയോട് പറഞ്ഞു: ''തീർച്ചയായും അല്ലാഹു നിങ്ങളെ

സൃഷ്ടിക്കുകയും നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു. അതിനാൽ അവനെ(മാത്രം) നിങ്ങൾ ആരാധിക്കുക, അവനിൽ നിങ്ങൾ യാതൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുക.'' (അഹ്മദ്:, തിർമിദി, ഇബ്നുഹുസൈമ, ഇബ്നുഹിബ്ബാൻ)

4: അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് (ﷺ)വിൽ നിന്നും നിവേദനം; അദ്ദേഹം പറഞ്ഞു; ഒരു ജൂത പണ്ഡിതൻ വന്നു, എന്നിട്ട് അയാൾ പറഞ്ഞു, തീർച്ചയായും ഖിയാമത്ത് നാളായാൽ അല്ലാഹു തആല ആകാശങ്ങളെ മുഴുവൻ ഒരു വിരലിന്മേലും, ഭൂമികളെ മുഴുവൻ ഒരു വിരലിന്മേലും, വെള്ളവും മണ്ണും ഒരു വിരലിന്മേലും മറ്റു സൃഷ്ടികളെ മുഴുവൻ ഒരു വിരലിലും ആക്കും, പിന്നീട് അവയെ അവൻ വിറപ്പിക്കും, ശേഷം പറയും: ഞാനാണ് രാജാവ് ഞാനാണ് രാജാവ്, അപ്പോൾ, ഇതിൽ അത്ഭുതപ്പെട്ടു കൊണ്ടും ഈ വാക്ക് സത്യപ്പെടുത്തിക്കൊണ്ടും നബി(ﷺ) തന്റെ അണപ്പല്ലുകൾ വെളിവാകുന്നത് വരെ ചിരിക്കുന്നതായി ഞാൻ കണ്ടു, പിന്നെ അല്ലാഹുവിന്റെ റസൂൽ (ﷺ); ''അവർ അല്ലാഹുവിനെ വിലയിരുത്തേണ്ട രൂപത്തിൽ വിലയിരുത്തിയിട്ടില്ല'' എന്ന് തുടങ്ങി ''അവർ അല്ലാഹുവിൽ പങ്ക്ചേർക്കുന്നു'' എന്ന് വരെയുള്ള സൂറത്ത് സുമറിലെ 67ാം വചനം പാരായണം ചെയ്തു. (ബുഖാരി, മുസ്ലിം)

5: ശദ്ദാദ് ഇബ്നു ഔസ് (ﷺ) നിവേദനം ചെയ്യുന്നു: തീർച്ചയായും അല്ലാഹുവിന്റെ റസൂൽ (ﷺ) പറഞ്ഞു: സയ്യിദുൽ ഇസ്തിഗ്ഫാർ എന്നാൽ നീ (ഇപ്രകാരം) പറയലാണ്: ''അല്ലാഹുവേ നീയാണ് എന്റെ റബ്ബ്, നീ അല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ല. നീയെന്നെ സൃഷ്ടിച്ചു, ഞാൻ നിന്റെ ദാസനാണ്. എനിക്ക് കഴിയുന്നത്ര നിന്നോടുള്ള കരാറുകളിലും വാഗ്ദത്തിലുമാണ് ഞാൻ, ഞാൻ ചെയ്തിട്ടുള്ളവയുടെ നാശത്തിൽ നിന്ന് ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു. നീ എനിക്ക് ചെയ്തു തന്നിട്ടുള്ള അനുഗ്രഹങ്ങളെ ഞാനിതാ നിന്നോട് സമ്മതിക്കുന്നു. എന്റെ തെറ്റുകളേയും ഞാനിതാ നിന്നോട് സമ്മതിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ. തീർച്ചയായും പാപങ്ങൾ പൊറുക്കാൻ നീയല്ലാതെ മറ്റാരുമില്ല, പ്രവാചകൻ (ﷺ) പറഞ്ഞു: ആരെങ്കിലും ഈ പ്രാർത്ഥന അതിൽ ദൃഢമായി വിശ്വസിക്കുന്നവനായിക്കൊണ്ട് പകൽസമയത്ത് ചൊല്ലുകയും അന്ന് വൈകു

ന്നേരമാകുതിന്ന് മുമ്പ് അയാൾ മരണപ്പെടുകയും ചെയ്താൽ അവൻ സ്വർഗ്ഗവാസികളിൽപ്പെട്ടവനാണ്. ആരെങ്കിലും ഈ പ്രാർത്ഥന അതിൽ ദൃഢമായി വിശ്വസിക്കുന്നവനായിക്കൊണ്ട് രാത്രിയിൽ ചൊല്ലുകയും അന്ന് നേരംവെളുക്കുന്നതിന്ന് മുമ്പ് അയാൾ മരണപ്പെടുകയും ചെയ്താൽ അയാൾ സ്വർഗ്ഗവാസികളിൽപ്പെട്ടവനാണ്.'' (ബുഖാരി)

6: അബൂമൂസൽ അശ്അരി(﵁)വിൽ നിവേദനം: അദ്ദേഹം പറഞ്ഞു: റസൂലുല്ലാഹി (ﷺ) പറഞ്ഞിരിക്കുന്നു: ''അല്ലാഹുവോളം എത്ര ഉപദ്രവങ്ങൾ കേട്ടാലും ക്ഷമിക്കുന്ന ഒരാളുമേയില്ല, നിശ്ചയം അവനിൽ പങ്ക് ചേർക്കപ്പെടുന്നു. അവന്ന് മക്കളെ നിശ്ചയിക്കപ്പെടുന്നു, എന്നിട്ടും അവൻ ജനങ്ങൾക്ക് സൗഖ്യം നൽകുന്നു. അവർക്ക് ഉപജീവിനം നൽകുകയും ചെയ്യുന്നു.'' (ബുഖാരി, മുസ്‌ലിം)

وصلّى الله على نبينا محمّد وآله وصحبه وسلّم

************